# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **T 2345** — 18.02.2016 -ൽ മറുപടിക്ക്

## ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിലെ നിരക്ക് വർദ്ധന

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി. വി. രാജേഷ് : | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) തിരുവനന്തപുരം ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ ഏതൊക്കെ വിഭാഗത്തിൽപ്പെട്ട ചികിത്സകൾക്കാണ് നിരക്ക് വർദ്ധനവ് വരുത്തിയിട്ടുള്ളത് ; വിശദാംശം നൽകുമോ ? | (എ) കാർഡിയോളജി, കാർഡിയോ വാസ്ക്കുലാർ തൊറാസിക് സർജറി, ന്യൂറോളജി, ന്യൂറോ സർജറി, ഇമേജിംഗ് സയൻസസ് ആന്റ് ഇന്റർവെൻഷണൽ റേഡിയോളജി എന്നീ വിഭാഗങ്ങളിൽപ്പെട്ട അസുഖങ്ങളുടെ റഫറൽ ആശുപത്രിയാണ് ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് & ടെക്നോളജി.<br><br>മേൽപ്പറഞ്ഞ വിഭാഗങ്ങളിൽ ശ്രീചിത്രയിൽ നടത്തപ്പെടുന്ന എല്ലാ ചികിത്സകളുടെയും നിരക്കുകളിൽ 01.01.2016 മുതൽ 15% നിരക്ക് വർദ്ധന പ്രാബല്യത്തിൽ വന്നു. ഇതിന് ഉപരിയായി റിവ്യൂചാർജ്ജ് 300 രൂപയായും രജിസ്ട്രേഷൻ ചാർജ്ജ് 400 രൂപയായും വർദ്ധിപ്പിക്കുകയും ചെയ്തു. എന്നാൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന രോഗികൾക്കായി ഇൻസ്റ്റിറ്റ്യൂട്ടിൽ നിലവിൽ ഉണ്ടായിരുന്ന കൺസഷൻ ഘടന യാതൊരു മാറ്റവും ഇല്ലാതെ ഇപ്പോഴും തുടരുന്നു. |

സെക്ഷൻ ഓഫീസർ